**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.775 30.06.2015-ൽ മറുപടിക്ക്**

**<u>സ്പെഷ്യാലിറ്റി കേഡറിലെ ഡോക്ടർമാരുടെ നിയമനം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യു** | **ശ്രീ.വി.എസ്.ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2015 മാർച്ച് മാസം 31 വരെ കേരളത്തിലെ വിവിധ ആശുപത്രികളിൽ നിന്ന് സ്പെഷ്യാലിറ്റി കേഡറിൽപെട്ട എത്ര ഡോക്ടർമാർ പെൻഷൻപറ്റി പിരിഞ്ഞുപോയിട്ടുണ്ട്; | (എ)കേരളത്തിലെ വിവിധ ആശുപത്രികളിൽ നിന്നും സ്പെഷ്യാലിറ്റി കേഡറിൽപ്പെട്ട 64 ഡോക്ടർമാർ 31.03.2015 വരെ പെൻഷൻ പറ്റി പിരിഞ്ഞുപോയിട്ടുണ്ട്. |
| (ബി) ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻ വഴി നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാലതാമസമെന്താണ്; | (ബി) ഒഴിവുള്ള സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് തസ്തികകളിലേക്ക് താല്ക്കാലിക പ്രമോഷൻ നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) മുൻകാലങ്ങളിൽ ചെയ്തതുപോലെ പ്രൊവിഷണൽ പ്രൊമോഷൻ നടത്തുന്നത് പരിഗണിക്കുമോ; | (സി) ആരോഗ്യ വകുപ്പിൽ പ്രൊവിഷണൽ പ്രൊമോഷൻ ഇപ്പോഴും അനുവദിച്ച് വരുന്നുണ്ട്. |
| (ഡി) ആശുപത്രികളിൽ ചികിത്സക്കെത്തുന്ന രോഗികളും സർട്ടിഫിക്കേഷന് ആയി എത്തുന്നവരും ഡോക്ടർമാരുടെ അസാന്നിധ്യംമൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഡോക്ടർമാരുടെ റിട്ടയർമെന്റ് മൂലം വന്ന ഒഴിവുകൾ പ്രൊമോഷൻ വഴിയും പുതിയ നിയമനങ്ങൾ വഴിയും നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അഡ്ഹോക്ക് വ്യവസ്ഥയിലും താല്ക്കാലികമായും ഡോക്ടർമാരെ നിയമിച്ച് കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ